"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സി.എസ്.ഐ.എൻ.ഡി. - 'വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ പാക്കേജ്' - വർക്കല ഭാഗത്ത് ഒന്നാം ഘട്ടമായി കണ്ടെത്തി അംഗീകാരം നൽകിയ 236 കുടുംബങ്ങളുടെ ലിസ്റ്റ്- ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.5/2024/CSIND തീയതി,തിരുവനന്തപുരം, 29-02-2024

---

പരാമർശം:-

1. സ.ഉ.(സാധാ.)നം.23/2022/സി.എസ്.ഐ.എൻ.ഡി., തീയതി 24/11/2022.
2. സ.ഉ.(സാധാ.)നം.04/2023/സി.എസ്.ഐ.എൻ.ഡി., തീയതി 16/02/2023.
3. ചീഫ് എഞ്ചിനീയർ, കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്‌ചേഴ്സ് ലി. (ക്വിൽ) സമർപ്പിച്ച 19/10/2023-ലെ KWIL/WCC/REHAB/72/2023 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോവളം - ബേക്കൽ വെസ്റ്റ് കോസ്റ്റ് ജലപാതാ വികസനവുമായി ബന്ധപ്പെട്ട് കോവളം മുതൽ വർക്കല വരെയുള്ള ഭാഗത്ത് കനാൽ തീരത്ത് താമസിക്കുന്ന കുടുംബങ്ങളുടെ പുനരധിവാസത്തിനായി വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ പാക്കേജ്- ന് പരാമർശം (1) പ്രകാരം ഭരണാനുമതി നല്കിയിരുന്നതും, പാക്കേജ് പ്രകാരമുള്ള ധനസഹായത്തിന് അർഹരായി വർക്കല ഭാഗത്ത് ഒന്നാം ഘട്ടമായി കണ്ടെത്തിയിട്ടുള്ള 236 കുടുംബങ്ങളുടെ ലിസ്റ്റിന് പരാമർശം (2) പ്രകാരം അംഗീകാരം നൽകി ഉത്തരവായിരുന്നതുമാണ്.

2. പ്രസ്തുത ലിസ്റ്റിൽ ക്രമ നമ്പർ 17 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി നസീറ (T7-154) സഹോദരന്റെ സാമ്പത്തിക സഹായത്താൽ വസ്തു വാങ്ങി സ്വന്തം നിലയിൽ ഒരു വീട് നിർമ്മാണം ആരംഭിച്ചിരുന്നെങ്കിലും സഹോദരൻ മരണപ്പെട്ടതിനാൽ കേരള ഗ്രാമീൺബാങ്കിൽ നിന്നും വായ്പ എടുത്ത് വീട് ഭാഗികമായി പൂർത്തീകരിച്ചുവെന്നും, ഇക്കാര്യങ്ങൾ പാക്കേജ് അനുവദിച്ച ശേഷമാണ് കണ്ടെത്തിയതെന്നും 5 ലക്ഷം രൂപയുടെ കടം ബാങ്കിൽ നിലനിൽക്കുന്നുണ്ടെന്നും, ഭർത്താവ് പിണങ്ങി പോയതിനാൽ വിവാഹമോചനത്തിന്റെ അവസ്ഥയിൽ എത്തി നിൽക്കുന്ന ഇവർക്ക് സ്ഥിരവരുമാനമില്ലാത്തതിനാലും 2 കുട്ടികളെ പഠിപ്പിക്കേണ്ടതുള്ളതിനാലും വായ്പ തിരിച്ചടവ് മുടങ്ങിയതിനാൽ വൈകാതെ ജപ്തിനടപടി നേരിടേണ്ടി വരുമെന്ന് അറിയിച്ചിട്ടുണ്ടെന്നും പ്രാദേശിക അന്വേഷണത്തിൽ ഇക്കാര്യങ്ങളെല്ലാം ശരിയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്നും, സ്വന്തം നിലയിൽ ഭവന നിർമ്മാണം ആരംഭിച്ച വ്യക്തിയാണെങ്കിലും, നിലവിലെ അവരുടെ മോശം അവസ്ഥ പരിഗണിച്ച് മാനുഷിക

പരിഗണനയിൽ പ്രത്യേക സാഹചര്യമായി കണക്കാക്കി പാക്കേജ് തുകയായി 5 ലക്ഷം രൂപ കേരള ഗ്രാമീൺ ബാങ്കിൽ അക്കൗണ്ട് തുടരണമെന്ന നിബന്ധനയോടു കൂടി അനുവദിക്കാവുന്നതാണെന്നും, അതിന് അനുമതി നല്കണമെന്നും കൂടാതെ ക്രമ നമ്പർ 157 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ. മുഹമ്മദ് റാഫി (T6-040)-ക്ക് E M S ഭവന പദ്ധതിയിൽ മുമ്പ് തുക അനുവദിക്കുകയും അത് ഉപയോഗിച്ച് 2 സെന്റ് ഭൂമി വാങ്ങി വീട് നിർമ്മിച്ചിട്ടുള്ളതായി കണ്ടെത്തിയതുമായ സാഹചര്യത്തിൽ പാക്കേജിൽ നിന്നും ടി.യാനെ ഒഴിവാക്കണമെന്നും കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് ചീഫ് എഞ്ചിനീയർ പരാമർശം (3) പ്രകാരം ആവശ്യപ്പെടുകയുണ്ടായി .

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ പാക്കേജിന് അർഹരായി പരാമർശം (2) ലെ ഉത്തരവ് പ്രകാരം അംഗീകാരം നല്കിയിരുന്ന 236 കുടുംബങ്ങളുടെ ലിസ്റ്റിൽ ക്രമനമ്പർ 157 ആയി ഉൾപ്പെട്ടിരുന്ന ശ്രീ. മുഹമ്മദ് റാഫി(T6-040)-ക്ക് EMS ഭവന പദ്ധതിയിൽ മുമ്പ് തുക അനുവദിക്കുകയും അതുപയോഗിച്ച് 2 സെന്റ് ഭൂമി വാങ്ങി വീട് നിർ മ്മിച്ചിട്ടുള്ളതായി കണ്ടെത്തിയതുമായ സാഹചര്യത്തിൽ ശ്രീ. മുഹമ്മദ് റാഫിയെ വെസ്റ്റ് കോസ്റ്റ് റീഹാബിലിറ്റേഷൻ പാക്കേജിൽ നിന്നും ഒഴിവാക്കിക്കൊണ്ടും, ക്രമനമ്പർ 17 ആയ ശ്രീമതി നസീറ(T7-154)-യുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് മാനുഷിക പരിഗണനയിൽ പാക്കേജ് തുകയായി 5 ലക്ഷം രൂപ കേരള ഗ്രാമീൺ ബാങ്കിൽ അക്കൗണ്ട് തുടരണമെന്ന നിബന്ധനയോടു കൂടി അനുവദിക്കുന്നതിന് അനുമതി നല്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പരാമർശം (2) ലെ ഉത്തരവ് പ്രകാരം അംഗീകാരം നല്കിയിരുന്ന ലിസ്റ്റ് മേൽ പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാരി രാജൻ
സ്പെഷ്യൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ആലപ്പുഴ.
ജില്ലാകളക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, ആശ്രാമം. പി. ഒ., കൊല്ലം.
മാനേജിംഗ് ഡയറക്ടർ/ ചീഫ് എഞ്ചിനീയർ, കിൽ, കൊച്ചി എയർപോർട്ട് പി.ഒ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ (ഇൻഫ്രാ ) വകുപ്പ് - INFRA 7/39/2023/FIN dated 03/01/2024.
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് & ന്യൂ മീഡിയ, ഗവ. സെക്രട്ടേറിയറ്റ്.
മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (എ2/179/2023/സി.എസ്.ഐ.എൻ.ഡി).

ഉത്തരവിൻ പ്രകാരം

Signed by
Bimal V
സെക്ഷൻ ഓഫീസർ
Date: 29-02-2024 16:34:47